16

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിൽ പങ്കെടുക്കുന്ന ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് നിരതദ്രവ്യം, അധിക ഡെപ്പോസിറ്റ് എന്നിവ ഒഴിവാക്കൽ - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.3630 /2017/തസ്വഭവ

തിരുവനന്തപുരം, തീയതി, 10.11.2017

വായന :-
1) സ.ഉ.(കൈ.)നം. 135/97/സഹ. തിയതി 13/11/97 നമ്പർ സർക്കാർ ഉത്തരവ്
2) 04.08.2003 ലെ 34947/ഡി.പി.1/03/ത.സ്വ.ഭ. വ. നമ്പർ സർക്കുലർ
3) 19.03.04 ലെ സ.ഉ.(കൈ)നം. 44/04/പൊ.മ.വ. നമ്പർ ഉത്തരവ്
4) സ.ഉ.(സാധാ.)നം.2780/2017/ത.സ്വ.ഭ.വ തിയതി 11.08.17 നമ്പർ ഉത്തരവ്
5) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ചെയർമാന്റെ 13.09.17 ലെ കത്ത്

## ഉത്തരവ്

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിൽ പങ്കെടുക്കുന്ന ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവ് പ്രകാരം ചില ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 8(1) (ബി) പ്രകാരം, ടെണ്ടറിൽ പങ്കെടുക്കുന്ന ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ പ്രവൃത്തി ചെയ്യുന്നതിന് തയ്യാറാകുന്ന പക്ഷം സ്വകാര്യ കോൺട്രാക്ടർമാർ ക്വോട്ട് ചെയ്യുന്ന ഏറ്റവും കുറഞ്ഞ നിരക്കിനേക്കാൾ 10% വരെ അധിക നിരക്കിൽ പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകാവുന്നതാണെന്നും സ്വകാര്യ കോൺട്രാക്ടർ ക്വോട്ട് ചെയ്യുന്നതിനേക്കാൾ 10% കൂടിയ നിരക്കിലാണ് ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ ക്വാട്ട് ചെയ്യുന്നതെങ്കിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ താത്പര്യം കൂടി തേടേണ്ടതാണെന്നും ഉത്തരവായിരുന്നു. ടി ഉത്തരവിലെ ഖണ്ഡിക 10 പ്രകാരം ഇ.എം.ഡി.യും സെക്യൂരിറ്റി ഡെപ്പോസിറ്റും ഒടുക്കേണ്ടതില്ലെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവിലൂടെ നൽകിയിരുന്ന ആനുകൂല്യങ്ങളിൽ ഉൾപ്പെട്ട 8(1)(ബി), 10 എന്നീ ഖണ്ഡികകൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ കോൺട്രാക്ട് വർക്കുകൾ നൽകുന്നതിന് ബാധകമല്ല എന്ന് മുകളിൽ രണ്ടാമതായി വായിച്ച സർക്കുലറിലൂടെ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. സഹകരണ വകുപ്പിന്റെ വായന ഒന്നിലെ ഉത്തരവിലെ 8(1)(ബി) ഖണ്ഡിക, മുകളിൽ മൂന്നാമതായി വായിച്ച ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ ദർഘാസിൽ പങ്കെടുക്കണമെന്നും അങ്ങനെ പങ്കെടുക്കുന്ന പക്ഷം സംഘങ്ങൾക്ക് 10% പ്രൈസ് പ്രിഫറൻസ് അനുവദിക്കാവുന്നതാണെന്നും ഭേദഗതി വരുത്തി പൊതുമരാമത്ത് വകുപ്പ് ഉത്തരവായിരുന്നു. ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ടെണ്ടർ വർക്കുകൾക്ക് ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യുന്ന പ്രൈവറ്റ് കോൺട്രാക്ടറേക്കാൾ 10% അധികനിരക്ക് മുകളിൽ നാലാമതായി വായിച്ച ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

2) മുകളിൽ ഒന്നാമതായി വായിച്ച ഉത്തരവിലെ ഖണ്ഡിക 10 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറുകളിൽ പങ്കെടുക്കുന്ന ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളെ സെക്യൂരിറ്റി, നിരതദ്രവ്യം (EMD) എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നത് പുന:സ്ഥാപിച്ചുതരണമെന്ന്

ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ചെയർമാൻ മുകളിൽ അഞ്ചാമതായി വായിച്ച് കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിൽ പങ്കെടുക്കുന്ന ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങളെ നിരതദ്രവ്യം, അധിക ഡെപ്പോസിറ്റ് എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു.

4) മുകളിൽ നാലാമതായി വായിച്ച സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും(ഗ്രാമവികസന കമ്മീഷണർ മുഖേന)
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
പ്രസിഡന്റ്, നെടുമങ്ങാട് താലൂക്ക് പട്ടികജാതി ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം
പ്രസിഡന്റ്, കേരള ലേബർ കോൺട്രാക്റ്റ് സഹകരണ വെൽഫയർ അസോസിയേഷൻ
സെക്രട്ടറി, ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോഓപ്പറേറ്റീവ് സൊസൈറ്റി
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ